# പതിമൂന്നാം കേരള നിയമസഭ
# അഞ്ചാം സമ്മേളനം
# നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7764
# 23.07.2012-ലെ മറുപടിക്ക്

## ശമ്പള പരിഷ്കരണത്തിലെ അപാകത

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ.ചിറ്റയം ഗോപകുമാർ | ശ്രീ.കെ.എം.മാണി,<br>ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |
| (എ) | സെക്രട്ടേറിയറ്റിലെ അസിസ്റ്റന്റ് മുതൽ സെക്ഷൻ ഓഫീസർ വരെയുള്ള ഉദ്യോഗസ്ഥരുടെ ഏറ്റവും ഒടുവിൽ നടന്ന ശമ്പള പരിഷ്കരണത്തിലെ അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | 9-ാം ശമ്പള പരിഷ്കരണ പ്രകാരം സെക്രട്ടേറിയറ്റിലെ അസിസ്റ്റന്റ് മുതൽ സെക്ഷൻ ഓഫീസർ വരെയുള്ള തസ്തികകളുടെ ശമ്പള സ്കെയിലുകൾ പരിഷ്കരിച്ചപ്പോൾ അപാകതയുണ്ടായിട്ടുള്ളതായി ആരോപിച്ച് സർവ്വീസ് സംഘടനകളും വ്യക്തികളും പരാതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ശമ്പള പരിഷ്കരണത്തിൽ മറ്റ് വകുപ്പുകളിലെ സമാന ശമ്പള സ്കെയിലിലുള്ള തസ്തികകളിൽ ഉയർന്ന സ്കെയിൽ നൽകിയപ്പോൾ അസിസ്റ്റന്റ് മുതൽ സെക്ഷൻ ഓഫീസർവരെയുള്ള തസ്തികകൾക്ക് നാമമാത്രമായ വർദ്ധനവ് വരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ നൽകാമോ; | കാലാകാലങ്ങളിൽ നടപ്പാക്കുന്ന ശമ്പള പരിഷ്കരണ ഉത്തരവുകൾ പ്രകാരം സംസ്ഥാന ശമ്പള ഘടന ബാധകമായ നാലായിരത്തിലധികം വരുന്ന വിവിധ വിഭാഗം തസ്തികകളെ 30 ൽ താഴെ ശമ്പള സ്കെയിലുകളിലാണ് ക്രമീകരിച്ചിട്ടുള്ളത്. ഇക്കാരണത്താൽ വിവിധ വിഭാഗം തസ്തികകൾക്ക് സമാന ശമ്പള സ്കെയിലുകൾ വരിക സ്വാഭാവികമാണ്. സമാന ശമ്പള സ്കെയിൽ വരുന്നതുകൊണ്ടുമാത്രം ഇവ സമാന തസ്തികകൾ ആവുന്നില്ല. കാലാകാലങ്ങളിൽ നിയമിക്കപ്പെടുന്ന ശമ്പള കമ്മീഷനുകൾ വിവിധ ഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് തസ്തികകളുടെ ശമ്പള സ്കെയിലുകളിൽ മാറ്റങ്ങൾ ശുപാർശ ചെയ്യാറുള്ളത്. ഇതിൻ പ്രകാരം 9-ാം ശമ്പള പരിഷ്കരണത്തിലും സമാന ശമ്പള സ്കെയിലുണ്ടായിരുന്ന ചില തസ്തികകളുടെ ശമ്പള സ്കെയിലുകളിൽ സ്വാഭാവികമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. കൂടാതെ പുതിയ സ്കെയിലിൽ ശമ്പളം നിർണ്ണയിക്കുമ്പോൾ നിലവിലുണ്ടായിരുന്ന അടിസ്ഥാന ശമ്പളത്തിന്റെ 10% മോ കുറഞ്ഞത് 1000 രൂപയോ ഫിറ്റ്മെന്റ് ബെനഫിറ്റും ഓരോ വർഷത്തെ സർവ്വീസിനും 1/2% എന്ന നിരക്കിൽ പരമാവധി 15% സർവ്വീസ് വെയ്റ്റേജും ചേർന്ന തുക ഉറപ്പുവരുത്തി |

| | | |
|---|---|---|
| | | കൊണ്ടാണ് ശമ്പളം നിർണ്ണയിച്ചിരിക്കുന്നത്. ഈ ആനുകൂല്യം അസിസ്റ്റന്റ് മുതൽ സെക്ഷൻ ഓഫീസർ വരെയുള്ള തസ്തികകൾക്കും ലഭിച്ചിട്ടുണ്ട്. |
| (സി) | അണ്ടർ സെക്രട്ടറി മുതൽ സ്പെഷ്യൽ സെക്രട്ടറി വരെയുള്ള ഉദ്യോഗസ്ഥരുടെ പ്രസ്തുത ശമ്പള പരിഷ്കരണത്തിലെ അപാകത പരിഹരിച്ച് ഉത്തരവിറക്കി യിട്ടുണ്ടോ; എങ്കിൽ അസിസ്റ്റന്റ് മുതൽ സെക്ഷൻ ഓഫീസർ വരെയുള്ള തസ്തികകളിലെ ശമ്പള പരിഷ്കരണ ത്തിലെ അപാകത പരിഹരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; | അണ്ടർ സെക്രട്ടറി മുതൽ സ്പെഷ്യൽ സെക്രട്ടറിവരെയുള്ള തസ്തികകളുടെ ശമ്പള പരിഷ്കരണത്തിലെ അപാകത പരിഹരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അസിസ്റ്റന്റ് മുതൽ സെക്ഷൻ ഓഫീസർ വരെയുള്ള തസ്തികകളുടെ ശമ്പള സ്കെയിലുകളിലെ അപാകത ആരോപിക്കപ്പെട്ട് സർവ്വീസ് സംഘടനകളിൽ നിന്നും വ്യക്തികളിൽ നിന്നും ലഭിച്ചിട്ടുള്ള നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ വിഷയം പരിശോധിച്ചുവരുന്നു. |
| (ഡി) | സെക്രട്ടേറിയറ്റ് അസിസ്റ്റന്റിന് ഡിഗ്രിക്ക് നിശ്ചിത ശതമാനം മാർക്കും കംപ്യൂട്ടർ ഡിപ്ലോമയും ഉൾപ്പെടെയുള്ള യോഗ്യതക ളോടും കൂടി നിയമനം നടത്തുന്ന പ്രസ്തുത വിഭാഗക്കാർക്ക് അർഹമായ ശമ്പളം നൽകുന്നുണ്ടോ; വിശദമാക്കുമോ; | 9-ാം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിച്ചതിന് ശേഷമാണ് സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയുടെ വിദ്യാഭ്യാസ യോഗ്യതയിൽ മാറ്റം വരുത്തികൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. സർവ്വീസ് സംഘടനകൾ നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യവും ഫയലിൽ പരിശോധിച്ചുവരുന്നു. |
| (ഇ) | ഡിഗ്രി മാത്രം യോഗ്യത നിശ്ചയിച്ചിട്ടുള്ള ജൂനിയർ എംപ്ലോയിമെന്റ് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി, സബ് ഇൻസ്പെക്ടർ എന്നീ തസ്തികകളേക്കാൾ ഉയർന്ന യോഗ്യത നിശ്ചയിച്ച അസിസ്റ്റന്റിന്റെ ശമ്പള സ്കെയിലിൽ അതിനേക്കാൾ ഉയർന്ന വർദ്ധനവ് വരുത്താത്തതിനുള്ള കാരണം വ്യക്തമാക്കാമോ; | സർക്കാർ സർവ്വീസിലെ വിവിധ തസ്തികകളുടെ ശമ്പള സ്കെയിലുകൾ തീരുമാനിക്കുന്നത് ടി തസ്തികകളുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് പുറമേ ഓരോ തസ്തികയ്ക്കും വേണ്ട അധിക യോഗ്യത, ചുമതലകളും ഉത്തരവാദിത്തങ്ങളും, പിന്നീട് ലഭിക്കാവുന്ന പ്രൊമോഷനുകൾ തുടങ്ങിയ വിവിധ ഘടകങ്ങളെകൂടി അടിസ്ഥാനപ്പെടുത്തിയാണ്. ഇങ്ങനെ വിവിധഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി ശമ്പളം നിർണ്ണയിക്കുമ്പോൾ ശമ്പള സ്കെയിലുകളിൽ മാറ്റം ഉണ്ടാവുന്നത് സ്വാഭാവികമാണ്. കൂടാതെ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയുടെ വിദ്യാഭ്യാസ യോഗ്യതയിൽ മാറ്റം വരുത്തികൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് ശമ്പള പരിഷ്കരണ ഉത്തരവ് പ്രാബല്യത്തിൽ വന്നതിന് ശേഷമാണ്. |

| | | |
|---|---|---|
| (എഫ്) | മുൻ സർക്കാരിന്റെ കാലത്ത് നിലവിൽ വന്ന ശമ്പള പരിഷ്കരണ റിപ്പോർട്ടിലെ സെലക്ഷൻ ഗ്രേഡ് അസിസ്റ്റന്റിനെ അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ എന്ന് നാമകരണം ചെയ്യുന്നതിന് ശുപാർശ ചെയ്തിരുന്നോ; എങ്കിൽ പ്രസ്തുത ശുപാർശ നടപ്പിലാക്കുമോ; വിശദമാക്കുമോ? | ശുപാർശ ചെയ്തിരുന്നു.<br>ഈ വിഷയം പൊതുഭരണ വകുപ്പ് പരിശോധിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**